**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 527** **24-08-2022 - ൽ മറുപടിയ്ക്ക്**

**ജി സ്പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ പൊതുസർവ്വീസിലെ ഏകദേശം മുപ്പത്തിഅയ്യായിരം വരുന്ന ജീവനക്കാരുടെ സേവന വേതന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ശമ്പള വിതരണത്തിനുമായി സ്പാർക്ക് മാതൃകയിൽ ഒരു ഏകീകൃത സോഫ്റ്റ്‌വെയർ ആവിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഭരണ വകുപ്പ് ഫയലിൽ ലഭ്യമായ പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ പകർപ്പ് ഇതോടൊപ്പം ലഭ്യമാക്കുന്നു. |
| (ബി) | പ്രസ്തുത ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത ശുപാർശ ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

ഭരണഭാഷ – മാതൃഭാഷ

തദ്ദേശസ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം
4–ആം നില നില, സ്വരാജ് ഭവൻ
കവടിയാർ പി.ഒ., തിരുവനന്തപുരം,
പിൻ – 695 003,
ഫോൺ:0471–2727255
ഇ–മെയിൽ:pdlsgkerala@gmail.com
website:www.principaldirectorate.lsgkerala.gov.in
തീയതി:**19/05/2022**

പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശസ്വയംഭരണ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി
**തദ്ദേശസ്വയംഭരണ (ഇ.ആർ. എ) വകുപ്പ്**

സർ,

വിഷയം:– തദ്ദേശസ്വയംഭരണ വകുപ്പ് – പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ വിഭാഗം ഉദ്യോഗസ്ഥരെയും സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനത്തിൽ കൊണ്ടുവരുന്നത് – പ്രൊപ്പോസൽ സമർപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന:–
1. 17.07.2020–ലെ 106/2020/തസ്വഭവ നം. സർക്കാർ ഉത്തരവ്
2. 04.05.2022 തീയതി പ്രിൻസിപ്പൽ ഡയറക്ടറുടെ ചേമ്പറിൽ ചേർന്ന വകുപ്പ തലവൻമാരുടെ യോഗത്തിലെ തീരുമാനം

**************

ഗ്രാമവികസനം, പഞ്ചായത്ത്, നഗരകാര്യം, നഗര–ഗ്രാമാസൂത്രണം, ടൌൺ പ്ലാനിംഗ്, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ വകുപ്പകളെ ഏകോപിപ്പിച്ചുകൊണ്ട് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യ മായിട്ടുള്ളതാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ഈ 5 വിഭാഗങ്ങളിലെയും ജീവനക്കാർക്ക് ശമ്പള വിതരണ സംവിധാനം വ്യത്യസ്ഥ രീതിയിലാണ് നിലവിൽ കൈകാര്യം ചെയ്തുവരുന്നത്. നിലവിൽ ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, ടൌൺ പ്ലാനിംഗ്, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ്, പഞ്ചായത്ത് (ജില്ലാ – സംസ്ഥാന ഓഫീസുകൾ) എന്നീ വിഭാഗങ്ങളിൽ സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനം നിലവിലുണ്ടെങ്കിലും ഗ്രാമവികസന



Generated from eOffice by JAYESH V. K, DEV.5,FIN, DEV.5,FIN, FIN on 19/07/2022 01:16 AM

വകുപ്പിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാർക്കും, പഞ്ചായത്ത് വകുപ്പിലെ ഗ്രാമ പഞ്ചായത്ത് വിഭാഗം ജീവനക്കാർക്കും ജില്ലാ പഞ്ചായത്ത് ജീവനക്കാർക്കും മുനിസിപ്പാലിറ്റിയിലെയും, മുനിസിപ്പൽ കോർപ്പറേഷനുകളിലെയും ജീവനക്കാർക്കും സ്പാർക്ക് അധിഷ്ഠിതമായ ശമ്പള വിതരണ സമ്പ്രദായമല്ല നിലവിലുള്ളത്.

ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ഉദ്യോഗസ്ഥൻമാർക്ക് **സ്ഥാപന സോഫ്റ്റ് വെയർ** (ഇൻഫർമേഷൻ കേരള മിഷൻ) മുഖേനയുള്ള ശമ്പള വിതരണ സംവിധാനമാണ് (Own Fund/General Purpose Grant) നിലവിലുള്ളത്. ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ (ഗ്രാമവികസന വകുപ്പ്) ഉദ്യോഗസ്ഥൻമാർക്ക് **നിശ്ചിത അനുപാതത്തിൽ ലഭിക്കുന്ന കേന്ദ്രാവിഷ്കൃത ഫണ്ട് / സംസ്ഥാന ഫണ്ടിൽ** നിന്നുമാണ് ശമ്പളം നൽകിവരുന്നത്. മേൽ ശമ്പള വിതരണ സംവിധാനങ്ങൾ ഒരു ഏകീകൃത സമ്പ്രദായത്തിൽ വരേണ്ടത് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ കരട് വിശേഷാൽ ചട്ടങ്ങളിൽ വിവിധ വിഭാഗങ്ങളിലെ ഒരേ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരെ പരസ്പരം മാറ്റി നിയമിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ള INTER TRANSFERABILITY PRINCIPLE ഫലവത്തായും, ആക്ഷേപരഹിതമായും നടപ്പിലാക്കുന്നതിന് അനിവാര്യമാണെന്ന് സൂചന (2) യോഗത്തിൽ വിലയിരുത്തുകയുണ്ടായി.

മുനിസിപ്പാലിറ്റി - മുനിസിപ്പൽ കോർപ്പറേഷനുകളിൽ സേവനമനുഷ്ഠിച്ചുവരുന്ന എൽ.ഐ.ഡി. & ഇ.ഡബ്ല്യു. (എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗ്) സാങ്കേതിക വിഭാഗം ജീവനക്കാരുടെ പ്രതിമാസ ശമ്പളവും മറ്റ് അലവൻസുകളും സ്പാർക്ക് അധിഷ്ഠിത സമ്പ്രദായത്തിൽ ട്രഷറി മുഖാന്തിരമാണ് നിലവിൽ വിതരണം ചെയ്തുവരുന്നത്. എന്നാൽ പ്രസ്തുത തുക സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഇല്ലാത്തവിധം കൈകാര്യം ചെയ്യുന്നതിന് ടി ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന് തത്തുല്യമായ തുക മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തിയാണ് അനുവദിക്കുന്നത്.

ഈ സാഹചര്യത്തിൽ ഗ്രാമവികസന വകുപ്പിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാർക്കും, പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് വിഭാഗം ജീവനക്കാർക്കും ജില്ലാ പഞ്ചായത്ത് ജീവനക്കാർക്കും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലെ ജീവനക്കാർക്കും പ്രതിമാസ ശമ്പളം സ്പാർക്ക് അധിഷ്ഠിതമാക്കുന്നതിനും ട്രഷറി മുഖാന്തിരം വിതരണം ചെയ്യുന്നതിനും ചുവടെ ചേർക്കുന്ന 3 നിർദ്ദേശങ്ങൾ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**നിർദ്ദേശങ്ങൾ:-**

1. ഗ്രാമവികസന വകുപ്പിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെയും, പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് വിഭാഗം ജീവനക്കാരുടെയും ജില്ലാ പഞ്ചായത്ത് ജീവനക്കാരുടെയും മുനിസിപ്പാലിറ്റി - മുനിസിപ്പൽ കോർപ്പറേഷനുകളിലെ ജീവനക്കാരുടെയും പ്രതിമാസ ശമ്പളത്തിന് തത്തുല്യമായ തുക അതാത്



Generated from eOffice by JAYESH V. K, DEV.5,FIN, DEV.5,FIN, FIN on 19/07/2022 01:16 AM

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ General Purpose Grant –ൽ നിന്ന് കുറവു വരുത്തി സ്പാർക്ക് അധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറ്റാവുന്നതാണ്.

2. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സ്പാർക്ക് അധിഷ്ഠിത (ട്രഷറി) സംവിധാനം നിലവിലില്ലാത്ത ജീവനക്കാരുടെ ശമ്പള വിതരണത്തിനായി തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം ശേഖരിച്ച് സൂക്ഷിക്കുന്നതിന് ഒരു പ്രത്യേക ശീർഷകം ആരംഭിക്കുതിന് അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

3. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രതിമാസ ശമ്പളത്തിന് തത്തുല്യമായ തുക ആ മാസം 30–ാം തീയതിക്ക് മുൻപായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും അപ്രകാരം പ്രത്യേകം അനുവദിക്കപ്പെടുന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി പ്രസ്തുത തുക അതേ ശീർഷകത്തിൽ സ്പാർക്ക് അധിഷ്ഠിത സമ്പ്രദായത്തിൽ വിതരണം ചെയ്യാവുന്നതാണ്.

കൂടാതെ നിലവിൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ 5 വിഭാഗങ്ങളിലെയും ഉദ്യോഗസ്ഥരുടെ സ്പാർക്ക് അധിഷ്ഠിത വിവരങ്ങൾ അതാത് വിഭാഗങ്ങൾ പ്രത്യേകം പ്രത്യേകമായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. 5 വിഭാഗങ്ങൾ ചേർന്ന് ഒറ്റ വകുപ്പായി മാറിയ സാഹചര്യത്തിൽ മുഴുവൻ ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഒരു സ്പാർക്ക് അധിഷ്ഠിത പൊതു സംവിധാനം ഉണ്ടാകേണ്ടത് അനിവാര്യമാണ്. എങ്കിൽ മാത്രമേ കരട് സ്പെഷ്യൽ റൂളിൽ വിഭാവനം ചെയ്തിട്ടുള്ള INTER TRANSFERABILITY PRINCIPLE ഓൺലൈൻ മുഖാന്തിരം നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

അതിനാൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും ശമ്പള വിതരണം സ്പാർക്ക് അധിഷ്ഠിതമാകുന്നതിന് മേൽ നിർദ്ദേശങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതിനും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ മുഴുവൻ ജീവനക്കാരെയും സ്പാർക്ക് അധിഷ്ഠിതമായ ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ശിപാർശ ചെയ്യുന്നു.

വിശ്വസ്തതയോടെ

പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശസ്വയംഭരണ വകുപ്പ്

Signature Not Verified

Digitally signed by Balamurali D
Date: 2022.05.19 14:15:21 IST
Reason: Approved



Generated from eOffice by JAYESH V. K, DEV.5,FIN, DEV.5,FIN, FIN on 19/07/2022 01:16 AM